ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ചെയ്യും. അതോടൊപ്പം തന്നെ സംസ്ഥാന ഗവൺമെന്റിനെക്കൊണ്ട് കഴിയുന്ന എല്ലാ സഹായങ്ങളും കൃഷിക്കാർക്ക് ചെയ്യുന്നുണ്ട്. ഇപ്പോൾ ഒരു വർഷത്തേക്ക് സെസ്സ് പിരിവ് നിർത്തിവച്ചു. ആറ് മാസത്തേക്ക് റവന്യൂ പിരിവ് നിർത്തിവച്ചു. കൃഷിക്കാർക്ക് വെള്ളം ലഭിക്കുന്നതിനുവേണ്ടി എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യും. അക്കാര്യത്തിൽ ഈ ഗവൺമെന്റിനെ കൊണ്ട് ചെയ്യാൻ കഴിയുന്ന മനുഷ്യസാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ഏതായാലും ശ്രീ. കെ. അച്ചുതന്റെ പിന്നിൽ ശ്രീ. എ. കെ. ബാലൻ കൂടി അടിയുറച്ചു നിൽക്കുന്നതുകൊണ്ട് ഗവൺമെന്റിന് അക്കാര്യത്തിൽ സന്തോഷമേയുള്ളൂ. അതുകൊണ്ട് നമുക്ക് ഒരുമിച്ച് ഒറ്റക്കെട്ടായി ഇക്കാര്യത്തിൽ നിൽക്കാം.

V. ക്രമപ്രശ്നം

ബഡ്ജറ്റ് പ്രസംഗത്തിലെ കമ്മി സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: സർ, ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ മാൻഡേറ്ററിയാണ് റവന്യൂ കമ്മി കുറയ്ക്കുകയെന്നുള്ളത്. 4.2. മാൻഡേറ്ററിയാണ്. ഇത് The Government shall reduce the Revenue Deficit to Nil within a period of 4 years commencing from 1st April, 2003 and ending on 31st March 2007. സർ, 1031 കോടി രൂപ റവന്യൂ കമ്മി ഇപ്പോൾ വർദ്ധിച്ചു. 45 ശതമാനം പൊതു കടത്തിലും വർദ്ധനവുണ്ടായി. Fiscal Responsibility Act Section (6) പ്രകാരം Public expenditure review committee രൂപീകരിക്കേണ്ടതാണ്. ആ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ ചീഫ് മിനിസ്റ്റർ, ഫിനാൻസ് മിനിസ്റ്റർ, എ. ജി., ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്നിവർ അംഗങ്ങളാകേണ്ടതാണ്. ആ കമ്മിറ്റിയും രൂപീകരിച്ചിട്ടില്ല. ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ പാസ്സാക്കിയ ധനസംബന്ധമായ ഉത്തരവാദിത്വ ബില്ലിന് ഘടകവിരുദ്ധമായിട്ടുള്ള സമീപനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാട്ടിയിട്ടുള്ളത്. ഒരു പരിതസ്ഥിതിയിലും ഈ ബഡ്ജറ്റിന്റെ മുകളിലുള്ള ചർച്ച അനുവദിക്കാൻ പാടില്ല. ഈ ബഡ്ജറ്റ് മാറ്റിവയ്ക്കണം. എന്താണോ യഥാർത്ഥ റവന്യൂ കമ്മി അതിനെതിരായിട്ടാണ് 12-ാം ധനകാര്യ കമ്മീഷന്റെ മുമ്പാകെ കണക്ക് കൊടുത്തിട്ടുള്ളത്. ആ വിധത്തിൽ കംപ്ലീറ്റ് ഫാൾസാണ് ഇത്. ധനസംബന്ധമായ ഉത്തരവാദിത്വ ബില്ലിന് കടകവിരുദ്ധമാണിത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്ക് ബഡ്ജറ്റ് ചർച്ചക്ക് മറുപടി പറയുന്ന അവസരത്തിൽ വിശദമായി പറയാം. റവന്യൂ ഡെഫിസിറ്റിന്റെ കാര്യം, 2007-ന്റെ കാര്യമാണ് പറഞ്ഞത്. ഇത് 2004 ആണ്. 2005, 2006, 2007 ആ കാലഘട്ടത്തിനുള്ളിൽ നമുക്ക് റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ സാധിക്കും. റവന്യൂ ഡെഫിസിറ്റ് കുറച്ചുകൊണ്ടുവരുന്ന അവസരത്തിൽ വിശദമായി നമ്മൾ ചർച്ച ചെയ്യുമ്പോൾ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നുള്ള ആക്ഷേപ

LIBRARY ARCHIVES Kerala Legislative Assembly

മുണ്ടെങ്കിലും വികസന പ്രവർത്തനത്തിനുള്ള ഫണ്ടുകളും നമ്മൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. അത് അങ്ങോട്ടും ഇങ്ങോട്ടും പൂരകമായി കിടക്കുന്ന പ്രശ്നങ്ങളാണ്. ഏതായാലും നമുക്ക് ചർച്ച ചെയ്യുന്ന അവസരത്തിൽ ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യാം. അതുകൊണ്ട് ബഡ്ജറ്റ് ചർച്ച നിർത്തിവയ്ക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: Government may constitute എന്നാണ്. It is not mandatory.

VI. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. പരിമിതികൾക്കകത്തു നിന്നുകൊണ്ട് എല്ലാ വിഭാഗം ജനങ്ങളുടേയും ശ്രദ്ധ പിടിച്ചുപറ്റുന്ന ഒരു ബഡ്ജറ്റാണിത്. തൊഴിൽ രഹിതർ മുതൽ പെൻഷൻ പറ്റിയവരെ സംരക്ഷിക്കുന്ന കാര്യം നമ്മുടെ ധനകാര്യ മന്ത്രി മറന്നിട്ടില്ല. ജീവനക്കാർക്ക് ഡി. എ. കുടിശ്ശിക ഇനത്തിൽ 812 കോടി രൂപ കൊടുക്കുന്നു. ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വം കൂടിയിരിക്കുകയാണ്. സഭയിൽത്തന്നെ പലരും പലപ്പോഴും പറഞ്ഞിട്ടുള്ളത് പാവപ്പെട്ടവരുടെ പരാതിയുമായി ചെല്ലുമ്പോൾ കാര്യങ്ങളൊന്നും നടക്കുന്നില്ല, അത് ചുവപ്പുനാടയിൽ കുടുങ്ങിയിരിക്കുകയാണ് എന്നാണ്. ആ ഉത്തരവാദിത്വം ജീവനക്കാർ ഏറ്റെടുക്കണം. മറ്റ് കാര്യങ്ങളിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. പെൻഷൻകാർക്കും ഡി. എ. കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത് പണ്ടൊക്കെ 55-60 വയസ്സാകുമ്പോൾ പെൻഷൻ പറ്റുന്നയാൾ മരിച്ചുപോകുമായിരുന്നു. ഇന്നിപ്പോൾ ദീർഘായുസ്സാണ്. കുടിശ്ശിക ഡി. എ. ഒന്നിച്ച് കൊടുക്കണം. അതിൽ ലുബ്ധം പാടില്ല. പിന്നെ മെഡിക്കൽ ബെനിഫിറ്റ് സ്കീം പുനരാരംഭിക്കണം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പ് പുറപ്പെടുവിച്ച പ്രകടന പത്രികയിൽ പെൻഷൻകാരുടെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിയമിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷേ ഇതുവരെ നിയമിച്ചിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണം. തൊഴിൽ രഹിതർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. 127 കോടി രൂപയാണ് അതിന് വകയിരുത്തിയിട്ടുള്ളത്. മംഗല്യ ഇൻഷുറൻസ് പദ്ധതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ മംഗല്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത് നല്ലതാണ്. സ്വാതന്ത്ര്യം കിട്ടിയ ശേഷം നമ്മൾ കുറെ പേർ സുഖിച്ച് നടക്കുന്നു. ഗ്രാമങ്ങളിലേക്ക് ഇറങ്ങി ചെന്നാൽ കടവരാന്തയിലും കടത്തിണ്ണയിലും ഉറങ്ങുന്നയാളുകളാണ് കൂടുതൽ. അങ്ങനെയുള്ള ആളുകൾക്ക് കൊടുക്കുന്ന ഇൻഷുറൻസ് പദ്ധതി സ്വാഗതാർഹമാണ്. പക്ഷേ ഇതിനു മുമ്പ് ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക രംഗത്ത് പുതിയ പദ്ധതി ആവിഷ്ക്കരിക്കാൻവേണ്ടി ആയിരം രൂപ വരെ അവരിൽനിന്ന് ഈടാക്കിയിരുന്നു. 14 കോടി രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. ഇപ്പോൾ തൊഴിലും ഇല്ല, പണവുമില്ല. ഇത് അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly